പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 310 30.01.2014-ൽ മറുപടിക്ക്

## ജെ.എൻ.എൻ.യു.ആർ.എം. ബസ് സർവ്വീസ്

**ചോദ്യം**

ശ്രീ. സാജു പോൾ :
" വി. ശിവൻകുട്ടി :
" എസ്. രാജേന്ദ്രൻ :
ശ്രീമതി. പി. അയിഷാ പോറ്റി :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽ അനുവദിച്ച ബസ്സുകളുടെ സർവ്വീസുകൾ സുഗമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽ അനുവദിച്ച ബസ്സുകളുടെ സർവ്വീസുകൾ സുഗമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്ര സ്കീം പ്രകാരം എത്ര ബസ്സുകളാണ് സംസ്ഥാനത്തിന് അനുവദിച്ചത് ; ഇതിൽ എത്ര എണ്ണം ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട് ; | (ബി) | കേന്ദ്ര സ്കീം പ്രകാരം 320 ബസ്സുകളാണ് സംസ്ഥാനത്തിന് അനുവദിച്ചത്. ഇതിൽ 320 എണ്ണം ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട് |
| (സി) | യഥാസമയം ഈ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) | യഥാസമയം ഈ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കൊച്ചിയിൽ അനുവദിച്ച ബസ്സുകളിൽ വലിയ ശതമാനം സർവ്വീസ് നടത്തിയില്ലെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | എറണാകുളം ജില്ലയിൽ പ്രധാനമായും കണ്ടക്ടർ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ അഭാവംമൂലവും ബസ്സുകളുടെ മറ്റ് അറ്റകുറ്റപ്പണികളുടെയും പേരിൽ അധികം സർവ്വീസുകൾ റദ്ദാക്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | കൊച്ചിനഗരത്തിന് അനുവദിച്ച ബസ്സുകൾ സർവ്വീസ് നടത്താത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലിരിക്കുന്ന കേസിൽ സത്യവാങ്മൂലം നൽകുവാൻ കോടതി ആവശ്യപ്പെട്ടിരുന്നോ ; എങ്കിൽ | (ഇ) | ആവശ്യപ്പെട്ടിരുന്നു.<br>കൊച്ചി നഗരത്തിൽ അനുവദിച്ച ജൻറം എ.സി., നോൺ എ.സി ലോ ഫ്ളോർ ബസ്സുകൾ കൊച്ചി നഗരാതിർത്തിക്കുള്ളിൽ മാത്രമായി സർവ്വീസ് നടത്തുന്നു എന്നുറപ്പുവരുത്തണമെന്ന് ആവശ്യപ്പെട്ടു |

| | | | |
|---|---|---|---|
| | ഇതുവരെയായി സത്യവാങ്മൂലം നൽകാത്തതിന്റെ കാരണം വ്യക്ത മാക്കുമോ ; | | കൊണ്ട് ശ്രീ. ജോസ് ക്രിസ്റ്റഫർ സേവ്യർ മുതൽപേർ ഫയൽ ചെയ്ത W.P(c) No. 29347/2012 എന്ന കേസ്സിലും ഡോ. കെ.പി. പ്രദീപ് ഫയൽ ചെയ്ത W.P(c) No. 28896/2012 നമ്പർ കേസ്സിലും 08.06.2013, 01.12.2013 എന്നീ തീയതികളിൽ യഥാക്രമം കെ.എസ്.ആർ.ടി.സി.യും 07.06.2013-ൽ സർക്കാരും സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. |
| (എഫ്) | പുതുതായി കേന്ദ്ര സർക്കാർ പ്രസ്തുത പദ്ധതി പ്രകാരം അനുവ ദിക്കുന്ന ബസ്സുകൾ സർവ്വീസ് നട ത്തുന്നതിനായി കെ.എസ്.ആർ.ടി. സി.ക്കു തന്നെ നൽകുവാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) | കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായാണ് പദ്ധതി നടപ്പാക്കേണ്ടത്. JnNURM പദ്ധതിയുടെ ട്രാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന പുതിയ ബസുകൾ ഓടിക്കുന്നതിനായി ഒരു സ്പെഷ്യൽ പർപസ് വെഹിക്കിൾ (SPV) രൂപീകരി ക്കണം എന്ന വ്യവസ്ഥയ്ക്ക് വിധേയ മായാണ് കേന്ദ്ര സർക്കാർ 400 ബസുകൾ അനുവദിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള ഒരു സ്പെഷ്യൽ പർപസ് വെഹിക്കിൾ രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിശോധിച്ചിരുന്നു. ഗതാഗത വകുപ്പിൽ JnNURM പദ്ധതി പ്രകാരം അനുവദിക്കുന്ന ബസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് പ്രത്യേക സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചാൽ കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രത്യേകിച്ച് തിരുവനന്തപുരം ജില്ലയിൽ ഇന്നു ലഭിക്കുന്ന വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകും എന്നതിനാൽ SPV രൂപീകരികരണത്തോട് ഗതാഗത വകുപ്പിന്റെ വിയോജിപ്പ് തദ്ദേശ സ്വയം ഭരണ വകുപ്പിനെ രേഖാ മൂലം അറിയിച്ചി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ